DESPATCHED
On 5/3/22

2/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1967(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 16680/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 മാർച്ച് 2**

Smt. Anitha Suseelan S.,
Anupama, House No. 484/IV,
Kodengavila P.O.,
(Via) Aralumoodu, Pin – 695 123.
} അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
വില്ലേജ് ഓഫീസ്,
തൈയ്ക്കാട്, തിരുവനന്തപുരം.

2) അപ്പീൽ അധികാരി & തഹസിൽദാർ,
താലൂക്ക് ഓഫീസ്,
തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 11/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/07/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 23/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 23/09/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 16/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 02/03/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി: എസ്.പി.ഐ.ഒ. | ഹർജിക്കാരിയും, പ്രതിനിധിയും ഹാജരായി ഹാജരായി |

## ഉത്തരവ്

ശ്രീമതി അനിത സുശീലൻ എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നിട്ടും ടിയാൾ ആവശ്യപ്പെട്ട വിവരവും രേഖാപകർപ്പുകളും

ലഭിച്ചിട്ടില്ലെന്നും ആയതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടിയും കോപ്പികളും ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) ശ്രീമതി സി.സരോജത്തിന്റെയും, ശ്രീമതി സി. ശാന്തകുമാരിയുടെയും പേരിലുള്ള സ്ഥലവും വീടും പഴയ സർവ്വെ 2588/എ-2-2; 2588/എ-3-1 നമ്പറിൽപ്പെട്ട 01 ആർ 07 ചതുരശ്രമീറ്റർ പഴയ തണ്ടപ്പേർ 9948 റീസർവ്വേ ബ്ലോക്ക് 119-ൽ വസ്തുവും വീടും റീസർവ്വെ നമ്പർ 28-ൽ 8669, ഹൗസ് നമ്പർ: 25/1164 എപ്രകാരം എന്തു രേഖയുടെ അടിസ്ഥാനത്തിലാണ് ശ്രീമതി സരോജത്തിന്റെയും, ശ്രീമതി ശാന്തകുമാരിയുടെയും പേരിൽ നിന്ന് ബ്ലോക്ക് നം. 110 റീസർവ്വെ നം. 28 തണ്ടപ്പേർ 8669 ശ്രീമതി സുമാംഗിയുടെ പേരിൽ എങ്ങനെ മാറ്റി എന്നും

2) എപ്രകാരം, ഏതു തീയതിയിലാണ് സുമാംഗിയുടെ പേരിൽ മാറ്റിയതെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 08.07.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ചാണ് ഹർജിക്കാരി 23.7.2021 തീയതി രണ്ടാം അപ്പീൽ സമർപ്പിച്ചത്. മേൽപ്പടി അപ്പീൽ അപേക്ഷ 23.9.2021 തീയതി തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, അപ്പീൽ അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ. ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം തൈയ്ക്കാട് വില്ലേജിൽ റീസർവ്വെ റിക്കാർഡുകൾ തയ്യാറാക്കിയത് 2007-ലാണെന്നും റീസർവ്വെ റിക്കാർഡുകൾ പ്രകാരം വിവരാവകാശ അപേക്ഷയിൽ പരാമർശിക്കുന്ന 1.07 ആർ സ്ഥലം തണ്ടപ്പേർ 8669-ൽ ബ്ലോക്ക് നമ്പർ 110 റീസർവ്വെ നമ്പർ 22-ൽ സുമാംഗിയുടെ പേരിൽ കാണുന്നതായും എന്നാൽ ഏത് തീയതിയിലാണ് ടിയാളുടെ പേരിൽ വന്നതെന്ന് റീസർവ്വെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് കൃത്യമായ വർഷവും തീയതിയും നൽകാൻ കഴിയാത്തതെന്നും കൂടാതെ റീസർവ്വെ റിക്കാർഡുകൾ ഏത് രേഖകളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നതെന്നുള്ള വിവരവും ലഭ്യമല്ലാത്തതിനാലാണ് അപ്പീൽ കക്ഷിക്ക് ആധികാരികമായി വിവരങ്ങൾ നൽകാൻ കഴിയാതെ വന്നതെന്നുമാണ് എസ്.പി.ഐ.ഒ. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതെന്നും പൊതു അധികാരിയുടെ പക്കൽ ലഭ്യമായ രേഖകളും വിവരങ്ങളും മാത്രമേ വിവരാവകാശ നിയമപ്രകാരം നൽകാൻ കഴിയുകയുള്ളു എന്നും അപ്പീൽ വാദിയുടെ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി 06.01.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ രണ്ടു ചോദ്യങ്ങളിലായി ആവശ്യപ്പെട്ട വിവരത്തിന് 8.7.2021–ന് ടി കാര്യാലയത്തിൽ നിന്നും മറുപടി നൽകിയിട്ടുള്ളതാണെന്നും തൈക്കാട് വില്ലേജിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ച് റിക്കാർഡുകൾ കൈമാറിയത് 2009 കാലഘട്ടത്തിലാണെന്നും റീസർവ്വെ റിക്കാർഡിൽ ലഭ്യമായിട്ടുള്ള രേഖകളുടെ മറുപടിയാണ് കക്ഷിക്ക് നൽകിയിട്ടുള്ളതെന്നും ഹർജിക്കാരി ടി കാര്യാലയത്തിലെ രേഖകളുടെ പകർപ്പ് ആവശ്യപ്പെടാത്തതിനാലാണ് ആയത് നൽകാത്തതെന്നും റീസർവ്വെ റിക്കാർഡുകൾ ലഭ്യമാണെന്നും തണ്ടപ്പേർ പകർപ്പോ മറ്റു രേഖകളോ ആവശ്യപ്പെട്ടാൽ ടി കാര്യാലയത്തിൽ നിന്നും അപേക്ഷകയ്ക്ക് അനുവദിച്ച് നൽകാവുന്നതാണെന്നും കൂടാതെ ടി വിഷയത്തിൽ അപ്പീൽ അധികാരിയുടെ മുമ്പിൽ അപേക്ഷകയും എസ്.പിഐ.ഒ.യും നേരിട്ടു ഹാജരായിട്ടുള്ളതും റീസർവ്വെ റിക്കാർഡുപ്രകാരം ആവശ്യമുള്ള രേഖകൾ ആവശ്യപ്പെട്ടാൽ നൽകാമെന്നു പറഞ്ഞിട്ടും നാളിതുവരെയും അപേക്ഷക രേഖകൾ ആവശ്യപ്പെട്ടിട്ടില്ലാത്തതാണെന്നും അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ട ശ്രീമതി സുമാംഗിയുടെ പേരിൽ ഏതു വർഷം, തീയതി മാറ്റിയെന്നതിന്റെ പകർപ്പ് ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു എന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല. ഹർജിക്കാരി ആവശ്യപ്പെട്ട രണ്ട് ഇനങ്ങൾക്കും ലഭ്യമായ വിവരം എതിർകക്ഷികൾ നൽകിയിട്ടുള്ളതും, ടി മറുപടി തയ്യാറാക്കിയതിന് ആധാരമായ രേഖകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടാൽ നൽകാവുന്നതാണെന്ന് ഹർജിക്കാരിയെ അറിയിച്ചിട്ടുള്ളതുമാണ്. ആയതിനാൽ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ മന:പ്പൂർവ്വമോ ബോധപൂർവ്വമോ ആയ വീഴ്ച എതിർകക്ഷികളുടെ ഭാഗത്ത് ഉണ്ടായതായി കാണുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല. എന്നാൽ ഹർജിക്കാരിക്ക് എതിർകക്ഷികൾ നൽകിയ മറുപടിയിൽ ടിയാൾ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഹർജിക്കാരി ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ പകർപ്പ് ഫീ ഒടുക്കി പകർപ്പുകൾ എടുക്കുന്നതിനുമുള്ള സൗകര്യം ഒന്നാം എതിർകക്ഷി ഒരിക്കൽ കൂടി അനുവദിക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ശ്രീമതി സി.സരോജത്തിന്റെയും, ശ്രീമതി സി.ശാന്തകുമാരിയുടെയും പേരിലുള്ള 01 ആർ 07 ചതുരശ്ര മീറ്റർ വീടും സ്ഥലവും ശ്രീമതി സുമാംഗിയുടെ പേരിൽ മാറ്റി നൽകിയതുമായി ബന്ധപ്പെട്ട ഹർജിക്കാരിയുടെ പരാതിയിന്മേൽ അന്വേഷണം നടത്തി പരിഹാരം കാണുന്നതിനായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് പേര് വച്ച കവറിൽ അയച്ചു കൊടുക്കേണ്ടതാണ്.

7. ഹർജിക്കാരി 23.7.2021–ന് നൽകിയ ഒന്നാം അപ്പീൽ അപേക്ഷ 23.9.2021–നാണ് രണ്ടാം എതിർകക്ഷി തീർപ്പാക്കിയിട്ടുള്ളതായി കാണുന്നത്. വിവരാവകാശ നിയമം 19(6) വകുപ്പ് പ്രകാരം അപ്പീൽ അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം ആയത് തീർപ്പാക്കണമെന്നിരിക്കെ കാലതാമസം വരുത്തി അപ്പീൽ തീർപ്പാക്കിയത് കുറ്റകരവും വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്കുള്ള വിശദീകരണം രണ്ടാം എതിർകക്ഷി 20.3.2022–നകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 2–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി